**No. 119/2017**

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**

**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**

**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളിക്കൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്!

പ്രിയരെ,
“പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു” എന്ന് കൽപ്പിച്ച് നമ്മുടെ കർത്താവ് വിശുദ്ധ ശ്ലീഹന്മാരെ സുവിശേഷ സാക്ഷ്യത്തിനായി ലോകത്തിലേക്കയച്ചു, അവരിലൂടെ പ. സഭയെ തന്റെ ദൗത്യ നിർവ്വഹണത്തിനായി കർത്താവ് നിയോഗിച്ചു എന്നത് നാം തിരിച്ചറിയുകയും നമ്മുടെ കർത്താവിന്റെ രക്ഷണ്യ സുവിശേഷത്തിന്റെ സത്യസാക്ഷികളാകുകയും ചെയ്യണം. ക്രിസ്തീയ ദൗത്യനിർവ്വഹണത്തിന്റെ ഭാഗമായി കുഷ്ഠരോഗികൾ, എയ്ഡ്സ് രോഗികൾ അവരുടെ മക്കൾ, കാൻസർ രോഗികൾ, അനാഥർ, ആലംബഹീനർ, വൃദ്ധർ, സമൂഹത്തിൽ നിന്ന് പാർശ്വവൽക്കരിക്കപ്പെട്ടവർ തുടങ്ങി നാനാവിധത്തിൽ ക്ലേശിക്കുന്നവർക്ക് സാന്ത്വനസ്പർശമായി അനേക മിഷൻ പ്രവർത്തനങ്ങൾ പരിശുദ്ധ സഭയുടെ ചുമതലയിൽ നടത്തിവരുന്നുണ്ട്. നെയ്യാറ്റിൻകര, അമയന്നൂർ, യാച്ചാരം, പൂന-ദേഹു റോഡ്, കലഹണ്ടി, ഇറ്റാർസി, ഭിലായ്, മക്കോഡിയ, കർണ്ണാടകയിലെ കുണിഗൽ തുടങ്ങി കേരളത്തിനകത്തും കേരളത്തിനു വെളിയിലുമായി പ്രവർത്തിക്കുന്ന അനേക മിഷൻ പ്രസ്ഥാനങ്ങൾ അനുഗ്രഹകരമായി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ആൻഡമാൻസ് മിഷൻ കേന്ദ്രത്തിന്റെ പണി പൂർത്തിയായി പ്രവർത്തനങ്ങൾ ആരംഭിച്ചു. അമയന്നൂർ വികലാംഗഭവനത്തിന്റെ പ്രവർത്തനങ്ങൾ നന്നായി നടക്കുന്നു. കൂടാതെ ഈ വർഷം ജൂലൈ മാസത്തിൽ മാവേലിക്കര മിഷൻ സെന്ററിൽ 19-ാം ബാച്ച് ഡിപ്ലോമാ കോഴ്സ് ആരംഭിക്കുകയാണ്. ആയതിലേക്ക് +2 വിദ്യാഭ്യാസമെങ്കിലും ഉള്ളവരെ കണ്ടെത്തി അയക്കുവാൻ താല്പര്യപ്പെടുന്നു.

വീണ്ടും പ്രിയരെ,
മിഷൻ സൺഡേ പിരിവിനത്തിൽ കഴിഞ്ഞവർഷം 493583 രൂപാ ലഭിച്ചത് ക്രിസ്തീയ ദൗത്യ നിർവ്വഹണത്തിന് വൈദീകർ നൽകുന്ന പ്രോത്സാഹനവും ദൈവമക്കളുടെ മിഷൻ താല്പര്യവുമാണ് കാണിക്കുന്നത്. ആയതിൽ നാം ഏവരേയും അഭിനന്ദിക്കുന്നു. ഈ വർഷത്തെ മിഷൻ സൺഡേ 2017 ജൂലൈ മാസം 9-ാം തീയതിയാണ്. സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്കായി അന്നേദിവസം പ്രത്യേകം പ്രാർത്ഥിക്കുകയും മിഷൻസൺഡേ കവർപിരിവിൽ മുൻവർഷത്തേക്കാൾ അധികമായി ഏവരും സഹകരിക്കുകയും ചെയ്യണം. കവർപിരിവും മിഷൻസൺഡേ ദിനത്തിലെ കാണിക്കയും പ്രത്യേക സംഭാവനയും ചേർത്ത് മിഷൻബോർഡ് പ്രസിഡന്റ് അഭി. ഡോ. യൂഹാനോൻ മാർ തേവോദോറോസ് മെത്രാപ്പോലീത്തായുടെ പേർക്ക്; **സെന്റ് പോൾസ് മിഷൻ സെന്റർ, തട്ടാരമ്പലം പി.ഒ. 690103, മാവേലിക്കര** എന്ന വിലാസത്തിൽ അയച്ചുകൊടുക്കണം. പോയ അഞ്ചുവർഷങ്ങളിൽ മിഷൻബോർഡ് പ്രസിഡന്റായി പ്രവർത്തിച്ച ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ സ്തുത്യർഹമായ സേവനമാണ് നിർവ്വഹിച്ചത്. അദ്ദേഹത്തെ ഹൃദയപൂർവ്വം അഭിനന്ദിക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.........................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2017 മെയ് മാസം 18 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.